File No.KRWSA-PMU/36/2018-TA(OP)

KRWSA-PMU/36/2018-TA(OP)

പി.ടി.സി.ടവേഴ്സ്, 3rd ഫ്ളോർ
എസ്സ്.എസ്സ്.കോവിൽ റോഡ്, തമ്പാനൂർ
തിരുവനന്തപുരം-695 001
ഫോൺ-:0471- 2337002 ഫാക്സ്: 2337004
E-mail – dopjalanidhi@gmail.com
www.jalanidhi.kerala.gov.in

KRWSA-PMU/36/2018-TA(OP)

തീയതി 24.05.19

പ്രേഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

റീജിയണൽ പ്രോജക്ട് ഡയറക്ടർ
ആർ.പി.എം.യു. കണ്ണൂർ

സർ,

വിഷയം: ജലനിധി സുസ്ഥിര പദ്ധതി - ഒന്നാംഘട്ടത്തിലുള്ള ഗ്രാമപഞ്ചായത്തുകളിൽ വെള്ളപ്പൊക്കവും മറ്റ് പ്രകൃതിക്ഷോഭം മൂലവും നാശനഷ്ടങ്ങൾ സംഭവിച്ചതും, പ്രവർത്തനക്ഷമമല്ലാത്തതുമായ സ്കീമുകളുടെ പുനസ്ഥാപനം / പുനരുദ്ധാരണം - മാർഗ്ഗനിർദ്ദേശങ്ങളിലും മറ്റ് അനുബന്ധരേഖകളിലും മാറ്റങ്ങൾ വരുത്തിയത് – പുതുക്കിയ മാർഗരേഖ സംബന്ധിച്ച്.

സൂചന: (1) G.O.(Rt.)No.341/2019/WRD dt.17-05-2019

(2) KRWSA-PMU/36/2018-TA(OP) dt.25-02-2019

(3) KRWSA-PMU/36/2018-TA(OP) dt. 08-04-2019

(4) KRWSA-PMU/167/2018-TA1 (TRG) dt. 30-04-2019

സൂചനകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചന (1) പ്രകാരം ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ വിവിധ കാരണങ്ങളാൽ പൂർണ്ണമായോ, ഭാഗികമായോ പ്രവൃത്തിക്കാത്ത പദ്ധതികളുടെ പുന സ്ഥാപന / പുനരുദ്ധാരണ പ്രവൃത്തികൾ രണ്ടാംഘട്ട ജലനിധി പദ്ധതിയുടെ നിയമങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളുമനുസരിച്ച് തന്നെ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ത്രികക്ഷികരാറും അനുബന്ധരേഖകളും ഉള്ളടക്കം ചെയ്ത് സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ 5 ലക്ഷത്തിന് താഴെയുള്ള പ്രവൃത്തികളുടെ നിർവ്വഹണ മാർഗ്ഗരേഖയും, സൂചന 3 പ്രകാരമുള്ള ഉത്തരവിൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ നിർവ്വഹണ മാർഗ്ഗരേഖയും അംഗീകരിച്ച് നൽകിയിരുന്നു.

എന്നാൽ സൂചന 1, 4 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി നിർവ്വഹണമാർഗ്ഗരേഖകൾ റദ്ദാക്കുന്നു. അതോടൊപ്പം എല്ലാ പ്രവൃത്തികൾക്കും വേണ്ടിയുള്ള പുതുക്കിയ നിർവ്വഹണമാർഗ്ഗരേഖയും , സൂചന 2ൽ ഉള്ളടക്കമായി നൽകിയിരുന്ന KRWSA, GP , BG/SLEC/GPLAC എന്നിവരുടെ ഉത്തരവാദിത്വങ്ങൾ , GPALC യുടെ നിർവ്വഹണ മാർഗരേഖ എന്നിവയുടെ പുതുക്കിയ പകർപ്പും ഇതോടൊപ്പം അംഗീകരിച്ചു നൽകുന്നു. ടി രേഖയുടെ പകർപ്പ് എല്ലാ പദ്ധതി പങ്കാളികൾക്കും നൽകുന്നതിനും എഗ്രിമെന്റിൽ പുതിയ നിർവ്വഹണമാർഗരേഖ ഉൾപ്പെടുത്തുന്നതിനും റീജിയണൽ പ്രോജക്ട് ഡയറക്ടർ നടപടി എടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ

AFI

Sd/-

ഡയറക്ടർ ( ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ )

എക്സിക്യൂട്ടീവ് ഡയറക്ടർ

ഉള്ളടക്കം :

(1) G.O.(Rt.)No.341/2019/WRD dt.17-05-2019

(2) നവീകരണ/പുനസ്ഥാപന/ പുനരുദ്ധാരണ പ്രവർത്തികൾ നടത്തുന്നതിനായുള്ള പുതുക്കിയ നിർവ്വഹണ മാർഗരേഖ

(3) സൂചന 2ൽ ഉള്ളടക്കമായി നൽകിയിരുന്ന KRWSA, GP , BG/SLEC/GPLAC എന്നിവരുടെ ഉത്തരവാദിത്വങ്ങൾ , GPALC യുടെ നിർവ്വഹണ മാർഗരേഖ എന്നിവയുടെ പുതുക്കിയ പകർപ്പ്

**GOVERNMENT OF KERALA**

**Abstract**

Water Resources Department-KRWSA-Implementation of Sustainability Support to Community Managed Water Supply Scheme as per the approved Project Implementation Plan(PIP) of the ongoing Jalanidhi- Phase II(EAP) Project -Sanction accorded -Orders- Issued.

**WATER RESOURCES (WS-B) DEPARTMENT**

**G.O.(Rt)No.341/2019/WRD** Dated,Thiruvananthapuram, 17/05/2019

Read 1 G.O(Ms) No.69/2011/WRD dated 09.11.2011

2 G.O (Rt) No.540/2018/WRD dated 20.07.2018

3 Letter dated 08.05.2019 from the Executive Director, Jalanidhi.

**ORDER**

A new scheme under the State Plan was proposed for inclusion in the 13th Five Year Plan (under State Plan )during the period 2018-19 to 2021-22 under the head of account" 2215-01-102-80" in order to extend the sustainability support to Community Managed Water Supply Schemes implemented under Jalanidhi-I & II Projects by appropriate intervention. Accordingly, in 2018-19, Administrative Sanction for Rs.10 crore was accorded for implementation of "Sustainability Support to Community Managed Water Supply Schemes", vide Government Order read as second paper above and Rs 55 crore has been provided in the budget of the current year for the scheme for the revival/restoration of the fully/partially defunct 1100 Nos of water supply schemes implemented under Jalanidhi -I & II Projects, owned and managed by the community, by extending the sustainability support and by appropriate intervention.

2.As per letter read as third paper above Executive Director, Jalanidhi requested to accord sanction for the implementation of Sustainability Support to Community Managed Water Supply Scheme as per the Project Implementation Plan(PIP) of the ongoing Jalanidhi- Phase II(EAP) Project approved vide GO read as 1st paper above.

3. Government have examined the matter in detail and are pleased to accord sanction for adoption of Project Implementation Plan of the Jalanidhi Phase -II Project, approved as per G.O. read as 1st paper above, to implement

the Sustainability Support to Community Managed Water Supply Schemes also and to allow the Governing Body of KRWSA to make minor modifications in the PIP without increasing overall and per capita cost of implementation in the new projects.

(By order of the Governor)
**SEETHA LEKSHMI AMMA A**
**ADDITIONAL SECRETARY**

To:

1. The Executive Director, Kerala Rural Water Supply and Sanitation Agency,Thiruvananthapuram.
2. The Principal Accountant General (Audit) Kerala, Thiruvananthapuram.
3. The Accountant General (A/E) Kerala, Thiruvananthapuram.
4. Finance (PUC) Department
5. Stock File/Offjce Copy

Forwarded /By order

Section Officer

## ജലനിധി ഒന്നാം ഘട്ടം — സുസ്ഥിരത പദ്ധതി

**ജലനിധി ഒന്നാംഘട്ടത്തിലെ ഗ്രാമപഞ്ചായത്തുകളിലെ പൂർണ്ണമായോ , ഭാഗികമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികളുടെയും , വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവ മൂലം കേടുപാടുകൾ സംഭവിച്ച പദ്ധതികളുടെയും നവീകരണ/പുനസ്ഥാപന/ പുനരുദ്ധാരണ പ്രവർത്തികൾ നടത്തുന്നതിനായുള്ള പുതുക്കിയ നിർവ്വഹണ മാർഗരേഖ**

1. നവീകരണ/ പുനസ്ഥാപന/പുനരുദ്ധാരണ പ്രവർത്തികളുടെ നടത്തിപ്പിനും ധനവിനിയോഗത്തിനുമായി കെ.ആർ ഡബ്ല്യ.എസ്.എ റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർ, ഗ്രാമപഞ്ചായത്തു പ്രസിഡന്റ്, GPLAC പ്രസിഡന്റ് എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ ഒപ്പിടേണ്ടതാണ്. [GPLAC ഇല്ലാത്ത പഞ്ചായത്തുകളിൽ ഗുണഭോക്തൃസമിതിയുടെ/ സ്കീംലെവെൽകമ്മിറ്റിയുടെ പ്രസിഡന്റ് ]
2. പദ്ധതിയുടെ നിർവഹണമാർഗരേഖയും, ഗുണഭോക്തൃസമിതി, GPLAC , ഗ്രാമപഞ്ചായത്ത്, കെ.ആർ.ഡബ്ല്യ.എസ്.എ എന്നിവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും മുകളിൽപ്പറഞ്ഞ കരാറിന്റെ ഭാഗമാണ്. [നിലവിൽ ഏറ്റെടുത്ത പദ്ധതികളിൽ ടെക്നിക്കൽ കൺസൾട്ടന്റ്, സോഷ്യൽ ഡെവലപ്പ്മെന്റ് കൺസൾട്ടന്റ് എന്നിവരുടെ ചുമതലകൾ കൂടി ഈ കരാറിന്റെ ഭാഗമാണ് ]
3. ജലനിധി ഒന്നാംഘട്ട നവികരണ പ്രവർത്തികൾക്കായി രൂപം നൽകുന്ന GPLAC യെ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കേണ്ടതാണ്. കെ.ആർ.ഡബ്ല്യ.എസ്.എ / പഞ്ചായത്ത് എന്നിവർ GPLAC യെ അംഗീകരിച്ച രേഖകൾ ഈ എഗ്രിമെന്റിന്റെ ഭാഗമാണ്.
4. പദ്ധതി നിർവ്വഹണത്തിനായി ഒരു BG യെ അല്ലെങ്കിൽ SLECയെ മാത്രം തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകളിൽ അതത് സമിതി മുഖേനെ നിർവ്വഹണപ്രവൃത്തികൾ നടത്താവുന്നതാണ്. GPLACക്ക് പകരം സമിതിയായി പ്രസ്തുത സമിതി പ്രവർത്തിക്കേണ്ടതാണ്. ഇവിടങ്ങളിൽ GPLAC പ്രത്യേകം രൂപീകരിക്കേണ്ടതില്ല. GPLAC ചെയ്യണം എന്ന് വിവക്ഷിക്കുന്ന എല്ലാ ഉത്തരവാദിത്തങ്ങളും പ്രസ്തുത സമിതി നിർവ്വഹിക്കേണ്ടതാണ് .
5. GP / GPLAC എന്നിവർ ഈപദ്ധതി നടപ്പിലാക്കുന്നതിനു പ്രത്യേക പ്രൊജക്റ്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , സെക്രട്ടറി എന്നിവരുടെ പേരിൽ ഗ്രാമപഞ്ചായത്തും , GPLAC സെക്രട്ടറി ട്രെഷറർ എന്നിവരുടെ പേരിൽ GPLAC യും പദ്ധതിക്ക് വേണ്ടി പ്രത്യേകം പ്രൊജക്റ്റ് അക്കൌണ്ട് ആരംഭിക്കേണ്ടത് ആണ് .
6. റീജണൽ പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും നൽകുന്ന ഫണ്ട് പഞ്ചായത്തിന്റെ പ്രൊജക്റ്റ് അക്കൌണ്ടിൽ ലഭിച്ച് 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗ്രാമപഞ്ചായത്ത് അവരുടെ വിഹിതം കൂടി ഉൾപ്പെടുത്തി , GPLAC യ്ക്ക് കൈമാറണം.

7. ജലലഭ്യത , ജലഗുണനിലവാരം എന്നിവ തൃപ്തികരമായ പദ്ധതികളിലാണ് പുനസ്ഥാപന/ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

8. അഞ്ചു ലക്ഷം രൂപയിൽ താഴെ എസ്റ്റിമേറ്റ് തുക വരുന്ന പദ്ധതികൾക്ക് അതതു പഞ്ചായത്തിന്റെ ചുമതലയുള്ള പ്രൊജക്ട് കമ്മിഷണർമാർ സാങ്കേതിക അനുമതി നൽകേണ്ടതാണ്. 5 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുക വരുന്ന പദ്ധതികൾക്ക് അതാതു മാനേജർ ടെക്നിക്കൽമാരും , 15 ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പദ്ധതികൾക്ക് ഡയറക്ടർ ടെക്നിക്കലും സാങ്കേതിക അനുമതി നൽകേണ്ടതാണ് . TS നൽകുന്നതിനു താഴെ കാണുന്ന പട്ടിക അവലംബിക്കേണ്ടതാണ്.

| Amount Rs. (in Lakhs) | Estimate Preparation | Vetting | Random Check | TS issue |
|---|---|---|---|---|
| <5 | PC | MT | - | PC |
| 5 - 10 | PC | MT | - | MT |
| 10 - 15 | PC | MT | DT | MT |
| > 15 | PC | MT | - | DT |

9. നവീകരണ പ്രവർത്തികൾക്ക് ഗുണഭോക്തൃ സമിതി 10% വിഹിതവും ഗ്രാമപഞ്ചായത്ത് 15% വിഹിതവും KRWSA 75% വിഹിതവും നൽകേണ്ടതാണ് .

10. SC / ST / ഫിഷർമെൻ കമ്മ്യൂണിറ്റി എന്നിവർക്ക് ഗുണഭോക്തൃവിഹിതം പദ്ധതി തുകയുടെ 5% ആയിരിക്കും . എന്നാൽ ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി നൽകിയ സാക്ഷ്യപത്രം ഹാജരാക്കിയവർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

11. നവീകരണ പ്രവർത്തികൾ നടപ്പിലാക്കുന്ന സമിതികൾ പൂർണ്ണമായും പണമായാണ് വിഹിതം നൽകേണ്ടത് . ടി തുക മുൻകൂറായി GPLAC അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ആയതിന് GPLAC രസീത് നല്കേണ്ടതുമാണ്.

12. എല്ലാ സാധനസാമഗ്രികളും GPLAC കമ്മ്യൂണിറ്റികരാർ മുഖേനെ വാങ്ങേണ്ടതും അതിന്റെ ബില്ലുകൾ GPLACയുടെ അഡ്രസ്സിൽ ആയിരിക്കേണ്ടതുമാണ് .

13. ജലനിധി പദ്ധതികളുടെ പുനരുദ്ധാരണ/പുനസ്ഥാപന പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി കോൺട്രാക്ട് അടിസ്ഥാനത്തിൽ GPLAC നിർവ്വഹിക്കേണ്ടതാണ് . ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ പ്രോക്യൂർമെന്റ് മാനദണ്ഡമനുസരിച്ചായിരിക്കണം ഇവ ചെയ്യേണ്ടത്. തോതുകൾ/അളവുകൾ എന്നിവ പ്രൊജക്ട് കമ്മിഷണർ സ്ഥലം പരിശോധിച്ചു സ്വയം ബോധ്യപ്പെട്ടു അംഗീകരിച്ചതിനു ശേഷം ആ അളവുകൾക്ക്/ തോതുകൾക്ക് മാത്രമേ സപ്ലൈ ഓർഡർ/ വർക്ക് ഓർഡർ നൽകാവൂ. കമ്മ്യൂണിറ്റി കോൺട്രാക്ടിൽ സാധനസാമഗ്രികൾ ആവശ്യത്തിനു

മാത്രം വാങ്ങിക്കേണ്ടതാണ്. സാധനസാമഗ്രികൾ / സേവനങ്ങൾ എന്നിവയുടെ യഥാക്രമം അളവുകൾ /തോത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്തം പ്രൊജക്റ്റ് കമ്മിഷണർമാർക്കായിരിക്കും.

14. ഒരു പദ്ധതിയിൽ പരമാവധി ഒരു ലക്ഷം രൂപ വരെ സേവനങ്ങൾക്കും സാധനസാമഗ്രികൾക്കും കൂടി എസ്റ്റിമേറ്റ് തുക വരുന്ന പ്രവർത്തികൾ മാത്രമേ സംയോജിത കരാർ മുഖേനെ വിളിക്കാവൂ. എന്നാൽ ഒരു ലക്ഷം രൂപക്ക് മുകളിലും 35 ലക്ഷം രൂപക്ക് താഴെയും സേവനങ്ങൾക്കും, സാധനസാമാഗ്രികൾക്കും കൂടി എസ്റ്റിമേറ്റ് തുക വരുന്ന പ്രവർത്തികൾക്ക് വെവ്വേറെ കരാറുകൾ വിളിക്കേണ്ടതുമാണ്. 35 ലക്ഷം രൂപയ്ക്കു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന എല്ലാ പദ്ധതികളും RPMU മുഖേനെ ഇ ടെണ്ടർ ചെയ്ത കരാർ നൽകേണ്ടതാണ്.

15. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാരിലേക്ക് അടക്കേണ്ട വിവിധ നികുതികൾ പുതുക്കിയ അക്കൌണ്ടിംഗ് പോളിസി ഗൈഡ് ലൈൻ അനുസരിച്ചായിരിക്കണം.

16. എല്ലാ ഗുണഭോക്തൃസമിതികളിൽ നിന്നും തിരഞ്ഞെടുത്ത ഭാരവാഹികൾ , പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവർക്കു സമിതികളുടെ പ്രവർത്തനങ്ങൾ ഫലവത്തായി നടത്തുന്നതിനും വിലയിരുത്തുന്നതിനും അതു സമയബന്ധിതമായി കെ.ആർ.ഡബ്ല്യു.എസ്.എ / ജലവിഭവ വകുപ്പ് എന്നിവയെ അറിയിക്കുന്നതിനും അവരുടെ മാർഗരേഖക്കനുസൃതമായി തുടർ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും വേണ്ട പരിശീലനം നൽകുന്നതാണ് .

17. 5 ലക്ഷത്തിനു താഴെ എസ്റ്റിമേറ്റ് തുക വരുന്ന പദ്ധതികളുടെ നവീകരണ പ്രവൃത്തികൾ സുഗമമായി നടക്കുന്നതിനു വേണ്ടി 100% ശതമാനം ഗുണഭോക്തൃവിഹിതം അടച്ച സമിതികൾക്ക് മാത്രം എസ്റ്റിമേറ്റ് തുകയുടെ 80 % വരെ മുൻകൂർ ആയി നൽകാവുന്നതാണ്. എന്നാൽ 5 ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പദ്ധതികളിൽ 50% ശതമാനം ഗുണഭോക്തൃവിഹിതം അടച്ച സമിതികൾക്ക് മാത്രം എസ്റ്റിമേറ്റ് തുകയുടെ 50 % വരെ മുൻകൂർ ആയി നൽകുകയും , തുടർന്ന് ആദ്യ ഘട്ടതുകയുടെ 60% ചെലവാക്കിയതിന് ശേഷം അടുത്ത 30% തുക പ്രൊജക്റ്റ് കമ്മിഷണർ / മാനേജർ ടെക്നിക്കൽ എന്നിവരുടെ വാല്യുവേഷൻ അനുസരിച്ച് ആവശ്യപ്പെടാവുന്നതും അനുവദിക്കാവുന്നതുമാണ് . [രണ്ടാം ഘട്ട തുക അനുവദിക്കുന്നതിന് മുൻപ് ബാലൻസ് 50% ഗുണഭോക്തൃവിഹിതം പ്രൊജക്റ്റ് അക്കൌണ്ടിൽ നിക്ഷേപിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതാണ് ] . ബാക്കിയുള്ള തുക നിർമ്മാണ പണികൾ പൂർത്തീകരിച്ച് ചിലവ് അംഗീകരിച്ചതിന് ശേഷം സമിതികൾക്ക് കൊടുക്കുവാനുണ്ടെങ്കിൽ കൊടുക്കുകയും തിരിച്ച് പിടിക്കാനുണ്ടെങ്കിൽ തിരിച്ചു പിടിക്കുകയും ചെയ്യേണ്ടതാണ് .

18. പദ്ധതി നിർവ്വഹണപുരോഗതിക്കനുസരിച്ച് ബന്ധപ്പെട്ട ടെക്നിക്കൽ കൺസൾട്ടന്റ് / പ്രൊജക്റ്റ് കമ്മിഷണർമാർ(PC), MB യിൽ രേഖപ്പെടുത്തിയ മെഷർമെന്റ് യഥാക്രമം PC/മാനേജർ ടെക്നിക്കൽ എന്നിവരുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം മാത്രമേ ഫണ്ട് വിയോഗിക്കാവൂ. മെഷർമെൻറ് രേഖപ്പെടുത്തുമ്പോൾ യഥാർത്ഥ അളവും ആയതിന്റെ യഥാർത്ഥ നിരക്കും(Quoted Rate),DSR പ്രകാരമുള്ള നിരക്കും

ഉൾപ്പെട്ടത്തേണ്ടതാണ് , DSR പ്രകാരമുള്ള തുക , യഥാർത്ഥത്തിൽ ഉള്ള തുക (Quoted Amount) ഇവയിൽ ഏതാണോ കുറവ് അത് പദ്ധതി ചിലവ് ആയി അംഗീകരിച്ച അനുവദിച്ച നൽകേണ്ടതാണ്. സാധനസമഗ്രികൾക്ക് DSR നിരക്കിൽ നിന്നും വളരെ ഉയർന്ന വിലനിലവാരമാണ് മാർക്കെറ്റിലുള്ളതെങ്കിൽ അതിന്റെ പ്രോക്യൂർമെന്റ് PMU വിന്റെ അംഗീകാരത്തോടെ മാത്രമേ നടത്താവൂ . 5 ദിവസത്തെ സമയപരിധിക്കുള്ളിൽ തന്നെ GPLAC , ചെയ്ത പണികളുടെ പേയ്മെന്റും നൽകിയിരിക്കണം.

19. ആവശ്യമെങ്കിൽ ഏതുസമയത്തും കെ.ആർ. ഡബ്ല്യു. എസ് .എ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കു BG, SLEC, GPLAC , GP എന്നിവരുടെ അക്കൗണ്ട് പരിശോധിക്കുന്നതിനവകാശമുണ്ട്.
20. പ്രവർത്തികൾ പൂർത്തീകരിച്ച കഴിഞ്ഞതിനുശേഷം ജലഗുണനിലവാരം നിർബന്ധമായും പരിശോധിച്ച ഉറപ്പു വരുത്തിയിട്ട് മാത്രമേ കുടിവെള്ള വിതരണം തുടങ്ങാവൂ.
21. പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം സോഷ്യൽ ഓഡിറ്റ് നടത്തുകയും എല്ലാ ഗുണഭോക്തൃകുടുംബങ്ങൾക്കും കുടിവെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനു ശേഷം ഇതിന്മേൽ ഗുണഭോക്തസമിതി കൈക്കൊള്ളുന്ന തീരുമാനം KRWSA യ്ക്ക് നൽകേണ്ടതുമാണ്. അതിനു ശേഷം KRWSA പ്രവൃത്തികളുടെ വിട്ടുതൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.
22. മുകളിൽ പറഞ്ഞിരിക്കുന്നതിനപ്പുറം എന്തെങ്കിലും കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടതുണ്ടെങ്കിൽ അത് നിലവിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗരേഖയിൽ പറഞ്ഞിരിക്കുന്നതനുസരിച്ചായിരിക്കുമെന്നു വ്യക്തമാക്കുന്നു.

## കെ.ആർ.ഡബ്ല്യ.എസ്.എ.യുടെ ഉത്തരവാദിത്വങ്ങളും കടമകളും കർത്തവ്യങ്ങളും

1. ഗുണഭോക്തസമിതി, GPLAC, പഞ്ചായത്ത് എന്നിവരെ പദ്ധതി പങ്കാളികളായി അംഗീകരിക്കുക അവരുടെ കൂട്ടായ്മയോടെ പദ്ധതികളുടെ നിർവ്വഹണം ഉറപ്പ് വരുത്തുക
2. മാനദണ്ഡമനുസരിച്ച് ഗുണഭോക്തൃസമിതികളെ തിരഞ്ഞെടുക്കുക.
3. ഗ്രാമപഞ്ചായത്ത് ആക്ഷൻകമ്മിറ്റികളേയും പഞ്ചായത്ത്-ഗുണഭോക്തസമിതികളേയും പദ്ധതി നടത്തിപ്പിന് സഹായിക്കുന്നതിന് വ്യക്തിഗത കൺസൾട്ടന്റ്മാരെ ആവശ്യമെങ്കിൽ നിയമിക്കുക.
4. പ്രവർത്തികളുടെ പൂർത്തീകരണമനുസരിച്ച് കൺസൾട്ടന്റ്മാരുടെ വേതനം വിവിധ ഘട്ടങ്ങളായി നൽകുക.
5. കെ.ആർ.ഡബ്ല്യ.എസ്.എയുടെ സാങ്കേതിക ഉദ്യോഗസ്ഥർ മുഖേനേ തയ്യാറാക്കുന്ന പുനസ്ഥാപന/പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുക
6. പദ്ധതികളുടെ സമയബന്ധിതവും ഫലപ്രദവുമായ പൂർത്തീകരണത്തിനാവശ്യമായ നയപരമായ തീരുമാനങ്ങളെടുക്കുക.
7. പദ്ധതി നിർവ്വഹണ മാർഗരേഖകൾ, മാനദണ്ഡങ്ങൾ എന്നിവ സമയാസമയങ്ങളിൽ ആവശ്യമെങ്കിൽ പുനപരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തുക.
8. പദ്ധതി നിർവ്വഹണത്തിനായി സർക്കാർ, മറ്റു സമാനഏജൻസികൾ എന്നിവരുമായി സഹകരിച്ചു പ്രവർത്തിക്കുക.
9. പദ്ധതികളുടെ സമയബന്ധിതവും സുഗമവുമായ നിർവ്വഹണത്തിനായി പദ്ധതി പങ്കാളികൾക്ക് വേണ്ട നിർദ്ദേശങ്ങളും പിന്തുണയും നൽകുക.
10. പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യ.എസ്.എ. യുടെ പഞ്ചായത്ത് തലത്തിലെ പ്രതിനിധികളായ പഞ്ചായത്ത് സപ്പോർട്ട്ടീമിനെ നിയമിക്കുക. ഇവരുടെ സഹായത്തോടെയുള്ള പദ്ധതി നിർവ്വഹണത്തിൻറെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ്. ഈ പുനസ്ഥാപന /പുനരുദ്ധാരണ പ്രവർത്തങ്ങൾ KRWSA നിശ്ചയിക്കുന്ന സമയക്രമത്തിനുള്ളിൽ പൂർത്തികരിക്കുന്നതാണ്. രണ്ടാം ഘട്ട ജലനിധി യുടെ മാതൃകയിൽ ആയിരിക്കും ഈ പദ്ധതികളും നടപ്പിലാക്കുന്നത്.
11. ഗ്രാമപഞ്ചായത്തിലേക്ക് പ്രൊജക്റ്റ് ഫണ്ട് യഥാസമയം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
12. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് ലെവൽ ആക്ഷൻ കമ്മിറ്റി അംഗങ്ങൾക്കും/ ഗുണഭോക്തൃസമിതി അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുക.
13. ഗ്രാമപഞ്ചായത്ത് ലെവൽആക്ഷൻകമ്മിറ്റിക്കും ഗുണഭോക്തൃസമിതികൾക്കും പദ്ധതി നിർവ്വഹണത്തിനായുള്ള ഉടമ്പടി പ്രകാരമുള്ള തുക നൽകുന്നതിനായി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുക.
14. ഗ്രാമപഞ്ചായത്തിന്റെയും, സമിതികളുടെയും, ആക്ഷൻ കമ്മിറ്റികളുടെയും കൈവശമുള്ള എല്ലാ രേഖകളും ആവശ്യപെടുന്നതിനും, പരിശോധിക്കുന്നതിനും കെ.ആർ.ഡബ്ല്യ.എസ്.എ.ക്ക് അവകാശമുണ്ട്. നിയമങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി ഏതെങ്കിലും പങ്കാളികൾ പ്രവർത്തിച്ചുവെന്നു ബോധ്യപ്പെട്ടാൽ അങ്ങനെ പ്രവർത്തിച്ചവർക്കെതിരെ നടപടി കൈക്കൊള്ളുന്നതിനും തെറ്റായപ്രവർത്തികൾ റദ്ദു ചെയ്യുന്നതിനും കെആർ.ഡബ്ല്യ.എസ്.എ.ക്ക് അവകാശമുണ്ട്. പരിഹാരനടപടികൾ അംഗീകരിച്ചില്ലെങ്കിൽ തുടർന്നുള്ള പ്രൊജക്റ്റ് ഫണ്ട്

കെ.ആർ.ഡബ്ല്യു.എസ്.എ. തടയുന്നതാണ് കൂടാതെ നിയമലംഘനം നടത്തുന്നവർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിലോ മറ്റു രീതിയിലോ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

15. ഈ പദ്ധതി സുഗമമവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനു വേണ്ടി നിശ്ചിത ഇടവേളകളിൽ പദ്ധതി പുരോഗതിയുടെ നിരീക്ഷണവും അവലോകനവും നടത്തുക. എല്ലാ പങ്കാളികൾക്കും പദ്ധതി നടത്തിപ്പിനു വേണ്ട മാർഗനിർദ്ദേശം , ഉപദേശം എന്നിവ നൽകുക. പദ്ധതിയുടെ പുരോഗതി ഉറപ്പുവരുത്തുന്നതിന് ഏജൻസിയുടെ ഉദ്യോഗസ്ഥർ നിരന്തരം ഗുണഭോക്തൃസമിതികൾ, സ്കീമുകൾ എന്നിവ സന്ദർശിക്കുക. എല്ലാ പദ്ധതി പങ്കാളികൾക്കും ഉദ്യോഗസ്ഥർക്കും പദ്ധതി നടത്തിപ്പിനു ആവശ്യമായ സഹായവും ഉപദേശവും നൽകുക.
16. ചെയ്യുന്ന പ്രവർത്തികളുടെഅളവുകൾ രേഖപ്പെടുത്തി മൂല്യനിർണയം ചെയ്ത് അംഗീകരിക്കുക.
17. പദ്ധതി പങ്കാളികൾ ചെയ്യുന്ന പ്രവർത്തികൾ/ സേവനങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക
18. പുനരുദ്ധരിച്ച/പുനസ്ഥാപിച്ച സ്കീമുകൾ പ്രവർത്തനക്ഷമമാണെന്നു ഉറപ്പുവരുത്തുക. ഫലപ്രദമായ തുടർപരിപാലനത്തിന് സഹായിക്കുക.
19. പ്രവർത്തന ക്ഷമമായ സ്കീമുകൾ വീണ്ടും കുടിവെള്ളം വിതരണം ചെയ്യുന്നതിന് മുമ്പ് ജലഗുണ നിലവാരം പരിശോധിക്കുകയും , കുടിക്കുവാൻ അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
20. പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം കെ.ആർ.ഡബ്ല്യു .എസ് എ ഉദ്യോഗസ്ഥരുടെ സഹായത്തോടെ BG /SLEC /GPLAC തയ്യാറാക്കുന്ന പദ്ധതി പൂർത്തീകരണരേഖ പരിശോധിച്ച് , അംഗീകരിച്ചതിന് ശേഷം കെ.ആർ.ഡബ്ല്യു .എസ് എ ബന്ധപ്പെട്ട സമിതികൾക്കും , ഗ്രമാപഞ്ചായത്തിനും പകർപ്പ് കൈമാറണം.

## ജലനിധി പദ്ധതി- സുസ്ഥിരതയ്ക്ക് വേണ്ടിയുള്ള പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങളും തുടർ നടത്തിപ്പും പരിപാലനവും

### ഗ്രാമപഞ്ചായത്തിൻറെ ഉത്തരവാദിത്വങ്ങളും ചുമതലകളും

- പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ട പദ്ധതികളുടെ (സ്കീം) ലിസ്റ്റ് അംഗീകരിക്കുകയും, മുൻഗണന ലിസ്റ്റ് കെ.ആർ.ഡബ്ല്യു.എസ്.എയ്ക്ക് നൽകുകയും ചെയ്യുക.
- ഗ്രാമപഞ്ചായത്ത് നൽകുന്ന ലിസ്റ്റിൽ നിന്നും കെ.ആർ.ഡബ്ല്യു.എസ്.എ തെരഞ്ഞെടുക്കുന്ന പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന ചെലവിൻറെ 15 ശതമാനം തുക ഗ്രാമപഞ്ചായത്ത് എടുക്കുക.
- ഗുണഭോക്തൃസമിതികളുടെ കൂട്ടായ്മയായ GPLACനെ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുക. അവർക്ക് ബാങ്ക് അക്കൗണ്ട്, മറ്റു രജിസ്ട്രേഷനുകൾ എന്നിവ ആരംഭിക്കുന്നതിനു വേണ്ട തീരുമാനങ്ങൾ നൽകുക. GPLACക്ക് ആവശ്യമായ ഫണ്ട് കൈമാറ്റം ചെയ്യുക.
- ഗുണഭോക്തൃസമിതികൾ, കെ.ആർ.ഡബ്ല്യു.എസ്.എ എന്നിവരുമായുള്ള കരാറുകൾ ഒപ്പിടുക.
- ജലനിധി പദ്ധതിയ്ക്ക് വേണ്ടി പ്രാദേശികമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുണ്ടെങ്കിൽ കെ.ആർ.ഡബ്ല്യു.എസ്.എ നിർദ്ദേശപ്രകാരം അക്കൗണ്ട് ആരംഭിക്കുക.
- കെ.ആർ.ഡബ്ല്യു.എസ്.എയിൽ നിന്നും ഫണ്ട് ലഭ്യമായാൽ 5 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ കെ.ആർ.ഡബ്ല്യു.എസ്.എ പ്രൊസീഡിംഗ്സിൽ പറഞ്ഞിട്ടുള്ളത് പ്രകാരം ഫണ്ട് ബന്ധപ്പെട്ടവർക്ക് നല്കുക.
- വിവിധ ഏജൻസികൾ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന ഓഡിറ്റിംഗ്, വിലയിരുത്തൽ എന്നിവയുമായി സഹകരിക്കുക.
- പദ്ധതി നടത്തിപ്പിന് ആവശ്യമായ സഹായസഹകരണവും പിന്തുണയും അനുമതികളും തീരുമാനങ്ങളും KRWSA യ്ക്കും ഗുണഭോക്തൃസമിതിയ്ക്കും, GPLACയ്ക്കും നൽകുക.
- കുടിവെള്ള വിതരണ പദ്ധതികളുടെ എല്ലാ ആസ്തികളും ഗ്രാമപഞ്ചായത്തിൻറെയും അതാത് സമിതികളുടെയും സംയുക്ത ഉടമസ്ഥതയിൽ ആക്കുകയും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുക.
- ഗുണഭോക്തൃസമിതികളുടെ ഫെഡറേഷൻ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ശക്തീകരിക്കുകയും ചെയ്യുക.
- ഗുണഭോക്തൃസമിതികൾക്ക് ആവശ്യമായ ബോധവൽകരണ പരിശീലന പരിപാടികൾ നിർവഹണഘട്ടത്തിലും നിർവഹണാനന്തരണഘട്ടത്തിലും സംഘടിപ്പിക്കുക.
- എല്ലാ മാസവും ബന്ധപ്പെട്ട ഗുണഭോക്തൃസമിതി പ്രതിനിധികളെ വിളിച്ച് ചേർത്ത് പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുകയും പുരോഗതിക്കു തടസ്സം നിൽകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക.
- കെ.ആർ.ഡബ്ല്യു.എസ്.എ നടത്തുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുക.

- ജലനിധി പദ്ധതി പ്രവർത്തനങ്ങളുടെ തുടർ നടത്തിപ്പും പരിപാലനവും സംബന്ധിച്ച് കേരളസർക്കാർ, കെ.ആർ.ഡബ്ല്യൂ.എസ്.എ എന്നിവർ സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് പ്രവർത്തിക്കുക.
- പദ്ധതി പുനരുദ്ധാരണ- നവീകരണ ഘട്ടത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക തർക്കങ്ങൾ ഉണ്ടായാൽ അവ പരിഹരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
- സ്കീമുകളുടെ തുടർ നടത്തിപ്പും പരിപാലനവും സംബന്ധിച്ച് കെ. ആർ.ഡബ്ല .എസ്.എ നൽകിയിട്ടുള്ള മാർഗരേഖ അംഗീകരിച്ചു ഗുണഭോക്തൃസമിതികൾ തുടർ നടത്തിപ്പും പരിപാലനവും മുന്നോട്ട് കൊണ്ടുപോകുന്നു എന്ന് ഉറപ്പുവരുത്തുക.
- ജലനിധി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി പഞ്ചായത്ത്തല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുക.
- മോണിറ്ററിംഗ് കമ്മറ്റിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ബിജി ഫെഡറേഷൻ വൈസ് പ്രസിഡൻറ്, ഫെഡറേഷൻ സെക്രട്ടറി എന്നിവരെ അംഗങ്ങളാക്കികൊണ്ടുള്ള തീരുമാനം എടുക്കുക.
- ഈ മോണിറ്ററിംഗ് കമ്മിറ്റിമുഖനേ എല്ലാ സ്കീംമുകളിലും വിതരണം ചെയുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുക
- ഈ നവീകരണ പുനരുദ്ധാരണപദ്ധതി പൂർത്തീകരിച്ചതിനു ശേഷം ഓരോ സ്കീമുകളുടെയും തുടർനടത്തിപ്പ്, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ടുള്ള റിപ്പോർട്ടുകൾ എല്ലാ മാസവും കെ.ആർ.ഡബ്ല്യൂ.എസ്.എ/സർക്കാർ എന്നിവർക്ക് നല്കുക.

## <u>ഗുണഭോക്തൃസമിതികളുടെ / പഞ്ചായത്ത് ലെവൽ ആക്ഷൻ കമ്മിറ്റിയുടെ / സ്കീം ലെവൽ കമ്മിറ്റിയുടെ ഉത്തരവാദിത്വവും ചുമതലയും</u>

- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി കരാർ ഒപ്പിടുക.
- കെ.ആർ.ഡബ്ല്യൂ.എസ്.എ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായും അംഗീകരിക്കുന്ന ഗുണഭോക്തൃസമിതികളെ മാത്രമെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കുകയുള്ളൂ. ആയതനുസരിച്ച് സമിതികൾ തുടർ നടപടികൾ എടുക്കുക.
- നിർവഹണ രൂപരേഖ ഉണ്ടാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗുണഭോക്തൃസമിതി വ്യക്തമായ തീരുമാനം എടുക്കുക.
- പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി തുകയുടെ 10 ശതമാനം ഗുണഭോക്തൃസമിതി എടുക്കേണ്ടതാണ്. (SC/ST/ഫിഷർമെൻ കമ്മ്യൂണിറ്റി എന്നിവർക്ക് ഗുണഭോക്ത വിഹിതം 5% മായിരിക്കും , എന്നാൽ ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് / സെക്രട്ടറി നൽകിയ സാക്ഷ്യപത്രം ഹാജരാക്കിയവർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്)

- പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്, ബിജി ഫെഡറേഷൻ, മോണിറ്ററിംഗ് കമ്മറ്റി, മറ്റ് സർക്കാർ ഏജൻസികൾ നടത്തുന്ന അവലോകനയോഗങ്ങൾ, പരിശീലനപരിപാടികൾ എന്നിവയിൽ പങ്കെടുക്കുക. പദ്ധതിയുടെ തത്വം, ഘടകങ്ങൾ, നിർവ്വഹണരീതി, പങ്കാളികളുടെ ചുമതലകൾ, ചിലവ് പങ്കിടൽ രീതി, സമയപാലനം, തുടർനടത്തിപ്പും പരിപാലനവും തുടങ്ങിയ പദ്ധതിയുടെ അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് ഗുണഭോക്തൃസമിതി ആവശ്യമായ അറിവു നേടുക.
- തുടർനടത്തിപ്പ് മാർഗരേഖയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃസമിതികൾ നിയമാവലി തയ്യാറാക്കി, അംഗീകരിച്ച ആയതനുസരിച്ച് പ്രവർത്തിക്കുക
- ആവശ്യമെങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുകയും പദ്ധതിയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും തുക ലഭിച്ചാൽ കെ.ആർ.ഡബ്ല്യൂ. എസ്.എ നിഷ്കർഷിക്കുന്ന രീതിയിൽ ചെലവഴിക്കുകയും കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കുക. പദ്ധതിപൂർത്തീകരണത്തിന് ശേഷം സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രമാപഞ്ചായത്തിനും കെ.ആർ.ഡബ്ല്യൂ.എസ്.എ യ്ക്കും സമർപ്പിക്കുക.
- കുടിവെള്ള പദ്ധതിയുടെ എല്ലാ ആസ്തികളും ഗുണഭോക്തൃസമിതിയുടേയും ഗ്രാമപഞ്ചായത്തിൻറെയും കൂട്ടുടമസ്ഥതയിലാക്കുക ഇവ ഗ്രാമപഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തുക .
- ജലനിധി പദ്ധതിയുടെ തുടർനടത്തിപ്പും പരിപാലനവുമായി ബന്ധപ്പെട്ട് കെ.ആർ.ഡബ്ല്യൂ.എസ്.എ നല്കിയിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ആയതനുസരിച്ച് പ്രവർത്തിക്കുക.
- കെ.ആർ.ഡബ്ല്യൂ.എസ്.എയും സർക്കാരും ജലനിധി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നല്കുന്ന നിർദ്ദേശമനുസരിച്ച് ഗുണഭോക്തൃസമിതികൾ പ്രവർത്തിക്കുക.
- പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും തുടർനടത്തിപ്പ് വിജയകരമാക്കുന്നതിനും വേണ്ടി പഞ്ചായത്ത്തല മോണിറ്ററിംഗ് കമ്മറ്റി നല്കുന്ന നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ എന്നിവ ഉൾക്കൊണ്ട് പ്രവർത്തിക്കുക.
- ഗ്രാമപഞ്ചായത്തിൻറെ സഹകരണത്തോടെ പദ്ധതി സമയബന്ധിതമായി സുതാര്യമായി നടപ്പിലാക്കുക
- കെ.ആർ.ഡബ്ല്യൂ.എസ്.എ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഗുണഭോക്തൃസമിതി സൂക്ഷിക്കേണ്ടതാണ്. ഫണ്ട് ഉപയോഗം, കണക്കുകളും ബുക്കുകളും സൂക്ഷിക്കുക, റിക്കാർഡുകൾ സൂക്ഷിക്കുക എന്നീ കാര്യങ്ങളിൽ ഗുണഭോക്തൃസമിതി അറിവ് നേടേണ്ടതാണ്. പദ്ധതിയുടെ തുടർനടത്തിപ്പ് പരിപാലനം എന്നിവ മുന്നിൽ കണ്ടു കൊണ്ടു ഇവയുടെ പ്രാധാന്യം മനസ്സിലാക്കി വേണ്ടുന്ന കഴിവ് ഗുണഭോക്തൃസമിതി ആർജ്ജിക്കുക.
- ഗുണഭോക്തൃസമിതികളുടെ പഞ്ചായത്ത്തല കൂട്ടായ്മയായ ബിജി ഫെഡറേഷനിൽ അംഗമാകുകയും സമിതി രജിസ്ട്രേഷനുകൾ എല്ലാ വർഷവും പുതുക്കുകയും ചെയ്യുക.

**ജലനിധി ഒന്നാംഘട്ട കുടിവെള്ള പദ്ധതികളുടെ നവീകരണ പ്രവർത്തികൾക്കായി രൂപം നൽകുന്ന ഗ്രാമ പഞ്ചായത്ത് ലെവൽ ആക്റ്റിവിറ്റി കമ്മിറ്റി (GPLAC ) യുടെ നിർവ്വഹണ മാർഗ്ഗരേഖ**

1. നവീകരണ പ്രവർത്തികൾക്കായി ഏറ്റെടുക്കുന്ന സമിതിയിലെ ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും മാത്രമെ GPLAC - ൽ ഉണ്ടാകാൻ പാടുള്ളൂ. മിനിമം രണ്ടു ഗുണഭോക്ത സമതികളുടെ യെങ്കിലും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, മുതിർന്നഎക്സിക്യൂട്ടീവ് അംഗം, വനിതാ എക്സിക്യൂട്ടീവ് അംഗം, എന്നിവർ അടങ്ങിയതായിരിക്കണം GPLAC
2. ഈ സമതിയിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന GPLAC ഏറ്റവും മുതിർന്ന അംഗത്തിന്റെ അധ്യക്ഷതയിൽ ഭരണസമതിയെ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കണം അത് രേഖാമൂലം പഞ്ചായത്തിനെ അറിയിക്കണം.
3. ഇങ്ങനെ രേഖാ മൂലമുള്ള ഉറപ്പ് ലഭിച്ചാൽ ജലനിധി ഒന്നാംഘട്ട നവീകരണ പ്രവർത്തികൾക്കായി രൂപം നൽകുന്ന GPLAC നെ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.
4. GPLACയുടെ സെക്രട്ടറിയുടെ പേരിലും ഖജാൻജി യുടെ പേരിലുമായി ദേശസാൽകൃത / ഷെഡ്യൂൾഡ്ബാങ്കിൽ ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് ബോർഡ് തീരുമാനം എടുത്തു ബാങ്കിനെ അറിയിക്കണം.
5. GPLACയുടെ പേരിൽ PAN കാർഡ് എടുത്തിരിക്കണം.
6. നവീകരണ പ്രവർത്തികൾ നടപ്പിലാക്കുന്ന സമിതികൾ അവരുടെ പദ്ധതി വിഹിതത്തിന്റ 10% മുൻകൂറായി GPLAC അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ആയതിന് രസീത് നല്കേണ്ടതുമാണ്.
7. നവീകരണ പ്രവർത്തികളുടെ ധനവിനിയോഗത്തിനായി കെ.ആർ.ഡബ്ല്യ.എസ്.എ, ഗ്രാമപഞ്ചായത്തു എന്നിവരുമായി GPLACയുടെ പ്രസിഡന്റ് ത്രികക്ഷി കരാർ ഒപ്പിടേണ്ടതാണ്.
8. നവീകരണ പ്രവർത്തികൾക്ക് വേണ്ടിവരുന്ന ഗ്രാമപഞ്ചായത്ത് (15%) വിഹിതവും KRWSA (75%) വിഹിതവും GPLAC യുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.
9. സാങ്കേതിക സഹായത്തിനും സാമൂഹ്യ ശാക്തികരണത്തിനും കെ.ആർ.ഡബ്ല്യ.എസ്.എ നിയോഗിച്ചിരിക്കുന്ന കൺസൾട്ടിന്റിന്റെ / ഉദ്യോഗസ്ഥരുടെ സേവനം GPLAC ഉപയോഗിക്കേണ്ടതാണ്.
10. പദ്ധതി നിർവ്വഹണത്തിനാവശ്യമായ സാധനങ്ങൾ / സേവനങ്ങൾ എന്നിവക്ക് ക്വട്ടേഷൻ വിളിക്കേണ്ടതും അംഗീകരിക്കേണ്ടതും വർക്ക് ഓർഡർ നല്കേണ്ടതും പ്രവർത്തി നടത്തേണ്ടതും GPLAC ആയിരിക്കണം.

11. പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് ബന്ധപ്പെട്ട എൻജിനിയർമാരുടെ മെഷർമെന്റ് ബുക്ക് അടിസ്ഥാനമാക്കി KRWSA എൻജിനിയർമാരുടെ അനുവാദത്തോടെ ഫണ്ട് വിനിയോഗിക്കേണ്ടതാണ്.
12. KRWSA എൻജിനിയർമാരുടെ അനുവാദമില്ലാതെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കാൻ പാടില്ല.
13. 2000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാമ്പത്തിക ഇടപാടുകളും ചെക്ക് മുഖാന്തിരമായിരിക്കണം.
14. GPLACൻറെ എല്ലാ വരവ് ചിലവ് കണക്കുകളും KRWSA യുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള റെക്കോർഡുകളിൽ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
15. എല്ലാ തീരുമാനങ്ങളും GPLACയുടെ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കണം.
16. എല്ലാ ചിലവുകളും , വരവുകളും കണക്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കണം.
17. പദ്ധതി സംബന്ധമായ ചിലവുകൾ സർക്കാർ ഓൺലൈൻ സംവിധാനങ്ങളിൽ സമയാസമയങ്ങളിൽ രേഖപ്പെടുത്തുന്നതിനും, പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും വേണ്ടി ജൂനിയർ പ്രൊജക്റ്റ് കമ്മിഷണർ (JPC) മുഖേനെ GPLAC രണ്ടാഴ്ച്ചയിൽ ഒരിക്കൽ പദ്ധതി ചിലവുകളുടെ വിശദാംശങ്ങൾ കൃത്യമായി മേഖല ഓഫീസിൽ അറിയിക്കേണ്ടതാണ്.
18. പ്രാദേശികമായി ഉണ്ടാകാനിടയുള്ള തർക്കങ്ങൾ GPLAC പരിഹരിക്കണം. ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സഹകരണം ഇതിനു ഉപയോഗിക്കുക .
19. എല്ലാ ഗുണഭോക്തൃസമിതികളും പുനരുദ്ധരിച്ച പ്രവർത്തനസജ്ജമായ സ്കീമുകളുടെ തുടർനടത്തിപ്പ് പ്രവർത്തനഫലം മാസംതോറും പഞ്ചായത്തിനെ അറിയിക്കുന്നതിനുള്ള നിർദ്ദേശം GPLAC നൽകുകയും അത് നടക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തുകയും വേണം
20. ഈ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ട്രെയിനിംഗ് / സാമൂഹ്യ ശാക്തികരണ പ്രോഗ്രാമുകൾ എന്നിവ നടത്തുന്നുഎന്നും അതിൽ ഗുണഭോക്തൃസമിതി അംഗങ്ങൾ പങ്കെടുക്കുന്നു എന്നും ഉറപ്പുവരുത്തുക
21. പദ്ധതിയുടെ വരവ് ചിലവ് കണക്കുകൾ ജലനിധി മേഖല ഓഫീസിൽ നിന്ന് തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്ന് തെരഞ്ഞെടുത്ത ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് പദ്ധതി പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകൾ മേഖല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഓഡിറ്റിനു വേണ്ടി വരുന്ന ചെലവ് പരാമാവധി 5000/- രൂപയായി നിജപ്പെടുത്തേണ്ടതാണ്.